ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ ഇടയിലുള്ള അവിവാഹിതരായ അമ്മമാരെപ്പറ്റി എന്തെങ്കിലും സർവ്വെയോ പഠനമോ നടത്തിയിട്ടുണ്ടോ;

(ബി) ഇത്തരം അമ്മമാരെയും കുട്ടികളെയും പരിരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി ഉണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) 1997 ൽ ഒരു സർവ്വേ നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി വയനാട് ജില്ലയിൽ നടപ്പിലാക്കി വരുന്നുണ്ട്. വയനാട് ജില്ലയിലെ ഭൂരഹിതരായ അവിവാഹിത അമ്മമാർക്ക് 50 സെന്റ് ഭൂമി വീതം വാങ്ങി നൽകാനും വീടില്ലാത്തവർക്ക് വീട് നല്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതിപ്രകാരവും ഇവർക്ക് സഹായങ്ങൾ നല്കുന്നുണ്ട്. ഇവരുടെ കുട്ടികളെ പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ചേർത്ത് വിദ്യാഭ്യാസം നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

8 (*334) പിന്നോക്ക വിഭാഗക്കാരുടെ പട്ടിക വിപുലീകരണം

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പിന്നോക്കവിഭാഗക്കാരുടെ പട്ടിക വിപുലീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി അറിയാമോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ദളിത് ക്രൈസ്തവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് 1996 ൽ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് നിലപാട് ആരാഞ്ഞിരുന്നോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിക്കുകയുണ്ടായോ; വിശദാംശം വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ)&(ബി) കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്കു ബാധകമായ കേന്ദ്ര ലിസ്റ്റ് കാലാകാലങ്ങളിൽ പുതുക്കാറുണ്ട്. അവസാനമായി കേരളത്തിനു ബാധകമായ ലിസ്റ്റിൽ ഈഴവ, തിയ്യ, ഉഴുവൻ എന്നീ എൻട്രികൾക്കു പകരം 19 വിഭാഗങ്ങളെ ഉൾപ്പെടുത്തി ലിസ്റ്റ് പുതുക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആരാഞ്ഞിരുന്നു.

(ഡി) ഇല്ല. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

9 (*335) വിദേശത്ത് ജോലി സ്വീകരിക്കുന്നതിന് വൈദ്യുതി ബോർഡ് ഏർപ്പെടുത്തിയ നിയന്ത്രണം

ശ്രീ. എം.കെ. മുനീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലി സ്വീകരിക്കുന്നതിന് അവധി അനുവദിക്കുന്നതിൽ ഈ ഗവണ്മെന്റിന്റെ കാലത്ത് വൈദ്യുതിബോർഡ് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾമൂലം സംസ്ഥാനത്ത് വിദേശനാണ്യം നഷ്ടപ്പെടുന്നതും ജീവനക്കാർക്ക് പ്രമോഷൻ സാദ്ധ്യതകൾ കുറയുന്നതും അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് അവസരങ്ങൾ കുറയുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതി ബോർഡിൽ നിന്ന് അവധി എടുത്ത് വിദേശത്ത് ജോലി സ്വീകരിച്ച് നിരവധി ഉദ്യോഗസ്ഥർ അവധി എടുക്കുന്നതിനുള്ള നിയന്ത്രണങ്ങളുടെ പേരിൽ മടങ്ങിവന്നുകൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുൻഗവണ്മെന്റിന്റെ കാലത്ത് നടപ്പിൽ വരുത്തിയ ഈ പദ്ധതിയിൽ പെട്ടെന്ന് വ്യതിയാനം വരുത്താൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) ജീവനക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന പ്രസ്തുത നിയന്ത്രണം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ)&(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വൈദ്യുതി സ്വയംപര്യാപ്തത ലക്ഷ്യമാക്കിക്കൊണ്ട് സമയബന്ധിതമായി പൂർത്തിയാക്കേണ്ട അനേകം പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്തിട്ടുണ്ട്. ഈ പദ്ധതികളുടെ സുഗമമായ പുരോഗതിയ്ക്കും പൂർത്തീകരണത്തിനും പരിചയസമ്പന്നരായ ജീവനക്കാരുടെ തുടർച്ചയായ സേവനം അനിവാര്യമായി വന്നു. ജീവനക്കാർ ദീർഘകാല അവധിയിൽ പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം നികത്താനാവാത്ത സാഹചര്യവും ബോർഡിന്റെ നിലവിലുള്ള പ്രവർത്തനത്തിനു വിഘാതമായി വന്നതുകൊണ്ടാണ് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടി വന്നത്.

(ഡി) നിലവിലുള്ള സാഹചര്യങ്ങളിൽ നിയന്ത്രണം പിൻവലിക്കുന്ന കാര്യം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly